LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഓരോ വർഷവും വിവിധ പദ്ധതികൾ പ്രകാരം ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഐ.റ്റി.ഡി.പി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമായ അപേക്ഷകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി വനാവകാശ നിയമം റ്റി.ആർ.ഡി.എം. മുഖേന ഭൂമി എന്നിവയിലൂടെ ഭൂമി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു

പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

294 (682) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ; ഏതൊക്കെയിനങ്ങളിൽ തുക വിനിയോഗിച്ചുയെന്നും വ്യക്തമാക്കുമോ;

(ഡി) വിനിയോഗിക്കാതെ മിച്ചം വന്ന തുക എത്രയെന്നും ഏതൊക്കെയിനങ്ങളിൽ ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരമേറ്റശേഷം (201-12 വർഷം മുതൽ 2015-16) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് പ്ലാൻ ഇനത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയുടേയും ചെലവഴിക്കാത്ത തുകയുടേയും വിവരം വർഷം തിരിച്ച്, പദ്ധതി തിരിച്ച്, അനുബന്ധമായി ചേർത്തിരിക്കുന്നു*.

പട്ടികവർഗ്ഗക്ഷേമം

295 (683) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഓരോ സാമ്പത്തിക വർഷവും നീക്കിവെച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കാതെ പോയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2015-2016 സാമ്പത്തിക വർഷത്തിൽ നീക്കിവച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ)പട്ടികവർഗ്ഗ ക്ഷേമത്തിന് പ്ലാൻ ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭിക്കുന്ന തുക പൊതുമരാമത്ത് വകുപ്പിനും, റൂറൽ ഡെവലപ്മെന്റ് വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

(രൂപ ലക്ഷം)

വർഷം	ബജറ്റ് വിഹിതം
2011-12	19771.44
2012-13	25027.46
2013-14	35846.81
2014-15	52199.20
2015-16	58066.27

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly